# കൊറോണ
# വന്നുവിളിയ്ക്കുമ്പോൾ

*ഡോ. എം. പ്രസാദ്*






ആയുർവേദം കൊണ്ട് കൊറോണ വൈറസിനെ പ്രതിരോധിക്കാനാകുമോ? ചിരിക്കാൻ വരട്ടെ. ഇതൊരു സാങ്കൽപിക ചോദ്യമല്ല. കോവിഡ് 19 എന്നു പേരിട്ട പുതിയ കൊറോണ വൈറസ് ഗൾഫ് മേഖലയിലേക്കു കൂടി കാൽവെയ്പ് നടത്തിയതോടെ അവിടെയുള്ള മലയാളി സുഹൃത്തുക്കൾ നിരന്തരം ചോദിച്ചു കൊണ്ടിരിക്കുന്ന ചോദ്യമാണിത്. ചികിത്സയില്ല എന്നതിനാൽ ലോകത്തെ മുഴുവൻ അമ്പരപ്പിന്റെയും മരണഭയത്തിന്റെയും കൂർമുനയിലാക്കി നിർത്തിയിരിക്കുന്ന ഒരു രോഗത്തിന്റെ പ്രതിരോധത്തെപ്പറ്റിയാണ് ചോദ്യം. എന്താണ് മറുപടി പറയേണ്ടത്!

വർഷത്തിലൊന്നെന്ന മട്ടിൽ, ചിലപ്പോൾ അതിലും കൂടുതലായി, വൈറസ് രോഗങ്ങൾ പെയ്തിറങ്ങിക്കൊണ്ടിരിക്കുക എന്നതാണ് മനുഷ്യന്റെ സമീപകാലചരിത്രം. വാക്സിനുകളും നിർവൈറസീകരണ (Antiviral) ഔഷധങ്ങളും ആണ് പൊതുവിൽ ഇവയെ നേരിടാൻ കാലാകാലങ്ങളിൽ ഉപയോഗിച്ചു വരുന്ന തന്ത്രം. എന്നാൽ വൈറസ്, ബാക്ടീരിയയെപ്പോലെയല്ല, തനി മായാവിയാണ്. നിരന്തരം രൂപം മാറിക്കൊണ്ടിരിക്കാൻ കെൽപ്പുള്ളവൻ. അതിനാൽത്തന്നെ ഒരു തരത്തിന്, ഒരു സമയത്ത്, ഫലിച്ച സമീപനം മറ്റൊരു തരത്തിന് മറ്റൊരുസമയത്ത്, ഫലിക്കണമെന്നില്ല. SARS, H1N1, MERS, NIPAH, ZIKA തുടങ്ങിയവയെല്ലാം അടുത്ത കാലത്തായി പ്രത്യക്ഷപ്പെട്ട വൈറസ് രോഗങ്ങളാണെന്നത് ഓർമ്മയുണ്ടല്ലോ. ഇക്കൂട്ടത്തിൽ ഏറ്റവും പുതിയതാണ് കോവിഡ് 19. ഓരോ തവണയും പുതിയ പുതിയ വാക്സിനുകൾ വികസിപ്പിക്കുക എന്നതാണ് ഇവയെ പ്രതിരോധിക്കാനായി ചെയ്തുവരുന്ന സർവ്വസാധാരണമായ മാർഗ്ഗം. വൈറസിനെ നിരായുധമാക്കാൻ ഉദ്ദേശിച്ചുള്ള മരുന്നുകൾ പലപ്പോഴും പുതിയ രോഗസന്ദർഭങ്ങളിൽ അത്ര ഫലപ്രദമാകണമെന്നില്ല. അതിനാൽ പുതിയതരം രോഗബാധ ഉണ്ടായാൽ അത്തരം ഔഷധങ്ങൾ ഉപയോഗിച്ചുള്ള ചികിത്സ പലപ്പോഴും ആശാസ്യമല്ല. ഭാഗ്യവശാൽ പൊതുവിലെ ആരോഗ്യസ്ഥിതി അത്ര മോശമല്ലാത്തവരിൽ കഠിനമായ വൈറസ് രോഗബാധ, സാമാന്യമായി പറഞ്ഞാൽ, വളരെ വിരളമാണ്. മാത്രമല്ല ബാധിച്ചാൽത്തന്നെയും അത്ര മാരകസ്വഭാവം കൈവരിക്കാതെ സ്വയം ഒഴിഞ്ഞു പോകുകയാണ് പതിവ്. അതുകൊണ്ടു തന്നെ വൈറസ് മൂലമുള്ള പകർച്ചവ്യാധികളിൽ ശുചിത്വകേന്ദ്രീകൃതമായ പൊതുനിർദ്ദേശങ്ങളാണ് ചികിത്സ എന്ന നിലയിൽ നൽകി വരാറുള്ളത്. ആ മുൻകാലരീതിയനുസരിച്ചുള്ള നടപടികൾ തന്നെയാണ് ലോകാരോഗ്യസംഘടന ഉൾപ്പെടെയുള്ള എല്ലാ ഏജൻസികളും കോവിഡ് 19 ന്റെ കാര്യ




*ആയുർവേദം കൊണ്ട് കൊറോണ വൈറസിനെ പ്രതിരോധിക്കാനാകുമോ? ചികിത്സയില്ല എന്നതിനാൽ ലോകത്തെ മുഴുവൻ അമ്പരപ്പിന്റെയും മരണഭയത്തിന്റെയും കൂർമുനയിലാക്കി നിർത്തിയിരിക്കുന്ന ഒരു രോഗത്തിന്റെ പ്രതിരോധത്തെപ്പറ്റിയാണ് ചോദ്യം. വൈറസ്, ബാക്ടീരിയയെപ്പോലെയല്ല, തനി മായാവിയാണ്. നിരന്തരം രൂപം മാറിക്കൊണ്ടിരിക്കാൻ കെൽപ്പുള്ളവൻ. അതിനാൽത്തന്നെ ഒരു തരത്തിന്, ഒരു സമയത്ത്, ഫലിച്ച സമീപനം മറ്റൊരു തരത്തിന് മറ്റൊരുസമയത്ത്, ഫലിക്കണമെന്നില്ല.*

ത്തിലും സ്വീകരിച്ചിട്ടുള്ളത്.

ഡിസംബറിൽ പൊട്ടിപ്പുറപ്പെട്ടശേഷം ഏറ്റവും പുതിയ കണക്കനുസരിച്ച് ചൈനയിൽ ഇതിനകം 80417 പേർക്ക് രോഗബാധയുണ്ടായി. അവരിൽ 3013 പേർ മരണമടഞ്ഞു. 78 രാജ്യങ്ങളിൽ രോഗം പടർന്നിട്ടുണ്ട്. മൊത്തം കണക്കെടുത്താൽ 98076 പേർക്ക് രോഗബാധയും 3356 മരണവും എന്നതാണ് അവസ്ഥ. ഇത് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയിൽ 6-3-2020 ലെ കണക്കനുസരിച്ച് 30 പേർക്ക് രോഗബാധ ഉണ്ടായിട്ടുണ്ട്. ഇതിൽ 27 പേർ പുതിയതാണ്. ആദ്യം രോഗബാധയേറ്റ 3 പേർ രോഗമുക്തരായിരിക്കുന്നു. ചൈനയിലെ രോഗവ്യാപനത്തിനും മരണത്തിനും കുറവു വന്നിട്ടുണ്ട്. ഇപ്പോൾ ഓരോ ദിവസവും ചൈനയിൽ സംഭവിക്കുന്നതിനേക്കാൾ കൂടുതൽ കേസുകൾ ചൈനയ്ക്കു പുറത്തു നിന്നാണ് റിപ്പോർട്ടു ചെയ്യുന്നത്. ആരോഗ്യരംഗത്തു മാത്രമല്ല വ്യാപാരം, വിനോദസഞ്ചാരം, വിദ്യാഭ്യാസം, നയതന്ത്രം എന്നിങ്ങനെ സർവ്വമേഖലകളിലും രോഗത്തിന്റെ 'ബാധ' ആഘാതമേൽപ്പിച്ചിരിക്കുന്നു. പല സമ്മേളനങ്ങളും കലാ-കായികമേളകളും ഉപേക്ഷിക്കപ്പെടുകയോ മാറ്റിവെയ്ക്കപ്പെടുകയോ ചെയ്തിരിക്കുന്നു.

മനുഷ്യരാശി അടുത്തൊന്നും അഭിമുഖീകരിച്ചിട്ടില്ലാത്ത ഇത്തരമൊരു പ്രശ്നത്തെ ചൈന ഏതുവിധത്തിലാണ് കൈകാര്യം ചെയ്തത്? അവരുടെ പരമ്പരാഗത വൈദ്യസമ്പ്രദായം ഇക്കാര്യത്തിൽ അവർക്കു തുണയായോ? കൗതുകമുണർത്തുന്നവയാണ് ഈ ചോദ്യങ്ങൾ. പ്രത്യേകിച്ചും രണ്ടാമത്തേത്. നമ്മുടെ മാധ്യമങ്ങൾ അത്രതന്നെ സൂക്ഷ്മതയോടെ പരിശോധിച്ചിട്ടില്ലാത്ത വിഷയമായതിനാൽ വിദേശമാധ്യമങ്ങളേയും ഔദ്യോഗികരേഖകളെയും ആശ്രയിക്കുകയല്ലാതെ വഴിയില്ല. പട്ടാളച്ചിട്ടയോടെയുള്ള ചൈനയിലെ ഭരണ സംവിധാനത്തിന് രോഗവ്യാപനം തടയാനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ടായില്ല എന്നും മറ്റേതെങ്കിലും ഒരു രാജ്യത്ത് ഇത് ഇതേ രീതിയിൽ നടക്കുമെന്നു തോന്നുന്നില്ല എന്നും ചില പാശ്ചാത്യമാധ്യമങ്ങൾ ആശ്ചര്യപ്പെട്ടു. തങ്ങളുടെ മൂവായിരം വർഷം പഴക്കമുള്ള പരമ്പരാഗതവൈദ്യത്തെ രോഗപ്രതിരോധത്തിനും ചികിത്സയ്ക്കുമായി ചൈന ഉപയോഗപ്പെടുത്തുന്നതായി വാർത്തകൾ വന്നു. ഇന്ത്യയിലെ നിലവിലുള്ള സാഹചര്യത്തിന്റെ വെളിച്ചത്തിൽ ഇത് അസംഭവ്യമായതിനാൽ ഇതിന്റെ വിശദാംശങ്ങളെന്തെന്നായി പിന്നെ അന്വേഷണം. പ്രശ്നം പുതിയതാണ്, കീഴ്‌വഴക്കങ്ങളിലാത്തതാണ്. ഒരുപാട് ആധികാരികപഠനങ്ങൾ പുറത്തു വരാൻ സമയമായില്ല. എങ്കിലും പരതി നോക്കിയപ്പോൾ നിരാശപ്പെടേണ്ടി വന്നില്ല. കാണുക -

1. ഫെബ്രുവരി 28-ാം തിയതിയിലെ South China Morning Post എന്ന ഓൺലൈൻ പത്രം ചൈനയിലെ പ്രാദേശിക ആരോഗ്യരക്ഷാ അധികാരികളെ ഉദ്ധരിച്ചുകൊണ്ട് ഇങ്ങനെ റിപ്പോർട്ടു ചെയ്തു. "ചൈനയിൽ 80% കൊറോണ വൈറസ് ബാധിതരിലും മുഖ്യധാരാ വൈദ്യത്തോടൊപ്പം ചൈനീസ് വൈദ്യവും ഉപയോഗിച്ചു.

***ഓരോ തവണയും പുതിയ വാക്സിനുകൾ വികസിപ്പിക്കുക എന്നതാണ് പ്രതിരോധിക്കാനായി ചെയ്തുവരുന്ന മാർഗ്ഗം. വൈറസിനെ നിരായുധമാക്കാൻ ഉദ്ദേശിച്ചുള്ള മരുന്നുകൾ പലപ്പോഴും പുതിയ രോഗസന്ദർഭങ്ങളിൽ അത്ര ഫലപ്രദമാകണമെന്നില്ല. പുതിയ കണക്കനുസരിച്ച് ചൈനയിൽ ഇതിനകം 80417 പേർക്ക് രോഗബാധയുണ്ടായി. അവരിൽ 3013 പേർ മരിച്ചു. 78 രാജ്യങ്ങളിൽ രോഗം പടർന്നു.***

കോവിഡ് 19 ന് കൃത്യമായ ഔഷധങ്ങൾ ചൈനീസ് വൈദ്യത്തിലില്ലെങ്കിലും ആ ചികിത്സ പ്രയോജനപ്പെടുത്തിയ രോഗികളിൽ ഉയർന്ന നിരക്കിലുള്ള രോഗമുക്തിയുടെ തോത് നിരീക്ഷിക്കപ്പെട്ടതായി ചില വിദഗ്ധർ അഭിപ്രായപ്പെട്ടു."

2. ചൈനയിലെ നാഷണൽ ഹെൽത്ത് കമ്മീഷൻ ഔദ്യോഗിക വെബ്സൈറ്റിൽ ഫെബ്രുവരി 24 ന് ഒരു പത്രവാർത്ത കൊടുത്തിരുന്നതിങ്ങനെ: '23 recover from virus after TCM treatments' കൊറോണ പടർന്നു പിടിച്ചപ്പോൾ താൽക്കാലികമായി പണിത അനവധി ആശുപത്രികളിൽ പരമ്പരാഗത ചൈനീസ് വൈദ്യം മാത്രം കൈകാര്യം ചെയ്യുന്നതായി തയ്യാറാക്കിയ ഒരേ ഒരു ആശുപത്രിയാണ് ജിയാങ്സിയയിലേക്ക് അവിടെ നിന്നുള്ളതാണ് ഈ വാർത്ത. ഫെബ്രുവരി 21 വരെയുള്ള ഔദ്യോഗിക കണക്കനുസരിച്ച് 3200 ചൈനീസ് വൈദ്യന്മാർ കൊറോണ ചികിത്സയിൽ പങ്കാളികളായെന്നും 60104 പേരിൽ (85.2 ശതമാനം) പരമ്പരാഗത വൈദ്യം ഉപയോഗിച്ചുവെന്നും ഈ റിപ്പോർട്ട് പറയുന്നു.

3. "Can chinese Medicine be used for prevention of Corona Virus Disease 2019 (COVID 19)? A review of Historical classics, Research Evidence and Current Prevention Program' എന്ന പേരിൽ Chinese Journal of Integrative Medicine ൽ 2020 ഫെബ്രുവരി 17-ാം തിയതി ഒരു ലേഖനം പ്രസിദ്ധീകരിച്ചു. (Epub ahead of print. doi: 10.1007/511655-020-3192-6). ചൈനയുടെ വിവിധ പ്രവിശ്യകളിൽ രോഗം പൊട്ടിപ്പുറപ്പെട്ടപ്പോൾ മുതൽക്കുതന്നെ പ്രതിരോധത്തിനായി ചൈനീസ് വൈദ്യം ഉപയോഗിക്കുന്നതിന്റെ സാഹചര്യത്തിൽ ഇത് സംബന്ധിച്ച 'തെളിവുകൾ' സമാഹരിക്കാനാണ് ഈ ലേഖനം ശ്രമിക്കുന്നത്. ചൈനീസ് വൈദ്യത്തിന്റെ ആധികാരിക ഗ്രന്ഥങ്ങൾ, മുമ്പ് SARS നും H1N1 നും ചികിത്സയ്ക്കായി ചൈനീസ് വൈദ്യം പ്രയോജനപ്പെടുത്തിയതിന്റെ തെളിവുകൾ, ഫെബ്രുവരി 12-ാം തിയതി വരെയ്ക്ക് കൊറോണ പ്രതിരോധത്തിനായി ചൈനീസ് വൈദ്യത്തെ പ്രയോജനപ്പെടുത്തുന്നതു സംബന്ധിച്ച് പുറപ്പെടുവിക്കപ്പെട്ട ആധികാരിക മാർഗ്ഗരേഖകൾ, പകരുന്ന ശ്വാസരോഗങ്ങളെ ചികിത്സിക്കുന്നതിൽ ചൈനീസ് വൈദ്യത്തിന്റെ ഇതുവരെയുള്ള പഠനങ്ങൾ എന്നിവയാണ് ലേഖനത്തിൽ പരിശോധിയ്ക്കുന്നത്. ചൈനീസ് വൈദ്യത്തിന്റെ പ്രാചീന ഗ്രന്ഥങ്ങളിൽ (HUANGDI NEIJING)

പകർച്ചവ്യാധികളുടെ പ്രതിരോധത്തിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ള കാര്യം ലേഖനം ചൂണ്ടിക്കാട്ടുന്നു. കൊറോണ വൈറസിന്റെ പ്രതിരോധത്തിന് കി (Qi) എന്ന തത്വത്തെ ശക്തിപ്പെടുത്തുകയും 'വായു'വിനെ അനുലോമിപ്പിക്കുകയും 'ചൂടി'നെ നിർഗമിപ്പിക്കുകയും 'ഈർപ്പ'ത്തെ ശമിപ്പിക്കുകയുമാണ് വേണ്ടത് എന്ന് ലേഖനത്തിൽ സൂചനയുണ്ട്. SARS നെ സംബന്ധിച്ച്, മൂന്നു പഠന റിപ്പോർട്ടുകളാണ് ലേഖകൻ പരിശോധിക്കുന്നത്. ചൈനീസ് വൈദ്യം പ്രതിരോധമാർഗ്ഗമായി സ്വീകരിച്ച ആർക്കും തന്നെ രോഗബാധ ഉണ്ടായില്ല എന്നാണത്രെ ആ പഠനങ്ങൾ കാണിച്ചത്. HINI ന്റെ കാര്യത്തിൽ, ചൈനീസ് വൈദ്യം സ്വീകരിച്ചവരിൽ രോഗബാധ അങ്ങനെ ചെയ്യാതിരുന്നവരേക്കാൾ നന്നേ കുറവു മാത്രമേ ഉണ്ടായതുള്ളൂ എന്നാണ് കണ്ടെത്തൽ. എല്ലാ കണക്കുകളും പരിശോധിച്ച ശേഷം ഈ ലേഖനം ഇങ്ങനെ ഉപസംഹരിക്കുന്നു: 'ചൈനീസ് ഔഷധങ്ങൾ കൊറോണ വൈറസിന്റെ പ്രതിരോധത്തിൽ, പ്രത്യേകിച്ചും രോഗബാധയാൽ ആപത്സാധ്യത കൂടിയ ആളുകളിൽ, ഒരു ബദൽ സാധ്യതയാണെന്നു കരുതാം. നിശ്ചയമായും നിഷ്കർഷയോടെയുള്ളതും വലുതുമായ പഠനങ്ങൾ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്."

ഇതിനെല്ലാം പുറമെ, മറ്റു ചില സുപ്രധാന പഠനങ്ങളും ഈ വിഷയത്തിൽ ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്നു.

പഠനം 1. കോവിഡ് 19 രോഗബാധ തടയുന്നതിനായി നൽകുന്ന സാമാന്യ നിർദ്ദേശങ്ങൾക്കൊപ്പം ചൈനീസ് വൈദ്യത്തിന്റെ പ്രത്യേക സമീപനങ്ങൾ കൂടി ചേർക്കുന്നത് സാമൂഹിക ബോധവൽക്കരണത്തെ മെച്ചപ്പെട്ടതാക്കുമോ എന്ന അന്വേഷണം. ഇത് ഹ്യൂബേയിലെ ചൈനീസ് വൈദ്യകേന്ദ്രവും ചൈനീസ് വൈദ്യത്തിന്റെ കേന്ദ്ര അഡ്മിനിസ്ട്രേഷനും ചേർന്ന് ഫണ്ട് ചെയ്യുന്ന ഒരു പഠനമാണ്. (GDCT 0379 500)

പഠനം 2 . GDCT 0379496 ഈ പഠനം കോവിഡ് 19 ചികിത്സയിൽ ചൈനീസ് വൈദ്യത്തിന്റെ സാധ്യത പരിശോധിക്കാനുള്ളതാണ്. ഇത് ഒരു നിരീക്ഷണാധിഷ്ഠിത (Observational) പഠനമാണ്. ചൈനീസ് വൈദ്യത്തെ ചികിത്സയായി സ്വീകരിച്ച 500 രോഗികളെ വിലയിരുത്തിക്കൊണ്ട് രോഗനിർണ്ണയം, ചികിത്സ എന്നീ കാര്യങ്ങളെ വ്യവസ്ഥപ്പെടുത്താനാകുമോ എന്നതാണ് ലക്ഷ്യം. ഷാങ്ഹായ് പബ്ലിക് ഹെൽത്ത് ക്ലിനിക്കൽ സെന്ററും ഷാങ്ഹായ് മുനിസിപ്പൽ ഹെൽത്ത് ആന്റ് ഫാമിലി പ്ലാനിങ്ങ് കമ്മീഷനും ചേർന്നാണ് ഈ പഠനം ഫണ്ട് ചെയ്യുന്നത്.

ഇതെല്ലാം സൂചിപ്പിക്കുന്നത്, ഈ പുതിയ ആരോഗ്യപ്രതിസന്ധിയുടെ ഘട്ടത്തിൽപ്പോലും തങ്ങളുടെ പരമ്പരാഗത വൈദ്യത്തെ പ്രയോജനപ്പെടുത്താനും അതിന്റെ പ്രയോഗക്ഷമത കൃത്യമായി നിരീക്ഷിച്ചറിഞ്ഞ് ആയത് രേഖപ്പെടുത്താനും അവിടുത്തെ അധികാരികൾ ശ്രദ്ധിയ്ക്കുന്നു എന്നതാണ്. ഒരു വൈദ്യശാസ്ത്രത്തെ സംബന്ധിച്ച് അതിന്റെ വിശ്വാസ്യത എന്നത് പ്രവർത്തനരംഗത്ത് സക്രിയമായി ഇടപെടാനുള്ള സാമർത്ഥ്യത്തേയും അതുസംബന്ധിച്ച് സുതാര്യമായ രേഖകളും തെളിവുകളും ഉൽപാദിപ്പിക്കാനുള്ള പരിശ്രമങ്ങളേയും ആശ്രയിച്ചാണിരിക്കുന്നത്. കേരളവും, ഇന്ത്യയും, ആയുർവേദത്തിന്റെ പേരിൽ അഭിമാനിക്കുന്നു എന്നതിൽ സംശയമില്ല. എന്നാൽ ആ അഭിമാനം ഒരു പൈതൃകം എന്ന നിലയിൽ മാത്രമാണെങ്കിൽ അതിൽ വീണ്ടുവിചാരം വേണ്ടതുണ്ടെന്നു തോന്നുന്നു. ഒരനുഷ്ഠാനകലയെ അതിന്റെ തനിമയിൽ നിലനിർത്താൻ കോടിക്കണക്കിന് രൂപ പ്രതിവർഷം ചെലവാക്കേണ്ടതുണ്ടോ എന്നത് ഉറക്കെ ചിന്തിക്കേണ്ട വിഷയമാണ്. അതല്ല, പരമ്പരാഗതമായതും എന്നാൽ ആനുകാലിക സമൂഹത്തിൽ പ്രസക്തമായതും ആയ ഒരു വൈദ്യസമ്പ്രദായം എന്നതാണ് ആയുർവേദത്തിനു നൽകുന്ന പരിഗണന എങ്കിൽ നിശ്ചയമായും അധികാരികൾ ചൈനയിൽ നിന്നും പാഠം പഠിക്കേണ്ടിയിരിക്കുന്നു. വിദേശികളായ വിനോദസഞ്ചാരികൾക്കു മുമ്പിൽ പ്രദർശിപ്പിക്കാനുള്ള ഒരു കെട്ടുകാഴ്ചയല്ല ആയുർവേദം എന്ന തിരിച്ചറിവ് ഇനിയും വൈകിക്കൂടാത്തതാകുന്നു. ജനങ്ങളുടെ നികുതിപ്പണം കൊണ്ടു നടക്കുന്ന നൂറുകണക്കിന് പഞ്ചായത്ത് ഡിസ്പെൻസറികളും ജില്ലാ ആശുപത്രികളും കേരളത്തിലുണ്ട്. 18 ആയുർവേദ കോളേജുകളും കേന്ദ്ര ഗവൺമെന്റിന്റെ രണ്ട് ഗവേഷണസ്ഥാപനങ്ങളും ഈ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഇവയുടെയെല്ലാം മികവും പ്രാഗൽഭ്യവും ഉപയോഗപ്പെടുത്താൻ, പകർച്ചവ്യാധികൾ പോലുള്ള അടിയന്തിരഘട്ടങ്ങളിൽ ഇവരെ പ്രയോജനപ്പെടുത്താൻ, ആയുർവേദത്തിന്റെ പ്രയോജനക്ഷമത എന്ത് എന്ന കാര്യത്തിൽ കൃത്യമായ തെളിവുകളുണ്ടാക്കാൻ പാകത്തിന് ആ മേഖലയിലെ വിദഗ്ധർക്ക് അവസരമൊരുക്കാൻ, ഒക്കെ മടിച്ചു നിൽക്കുന്നപക്ഷം നാം ചെയ്യുന്നത് ചരിത്രപരമായ വങ്കത്തരമാകും എന്നതിൽ സംശയമില്ല.

***ആരോഗ്യരംഗത്തു മാത്രമല്ല വ്യാപാരം, വിനോദസഞ്ചാരം, വിദ്യാഭ്യാസം, നയതന്ത്രം എന്നിങ്ങനെ സർവ്വമേഖലകളിലും രോഗത്തിന്റെ 'ബാധ' ആഘാതമേൽപ്പിച്ചിരിക്കുന്നു. പല സമ്മേളനങ്ങളും കലാ-കായികമേളകളും ഉപേക്ഷിക്കപ്പെടുകയോ മാറ്റിവെയ്ക്കപ്പെടുകയോ ചെയ്തിരിക്കുന്നു. "ചൈനയിൽ 80% കൊറോണ വൈറസ് ബാധിതരിലും മുഖ്യധാരാ വൈദ്യത്തോടൊപ്പം ചൈനീസ് വൈദ്യവും ഉപയോഗിച്ചു.***

## തിരുത്ത്

*കഴിഞ്ഞ ലക്കത്തിൽ ഡോ. എം. പ്രസാദ് എഴുതിയ 'മേമ്പൊടി' യിൽ കൊച്ചുണ്ണി തമ്പുരാൻ കൊടുങ്ങല്ലൂർ രാജകുടുംബാംഗമാണ് എന്നെഴുതിയത് വസ്തുതാപരമായി തെറ്റാണ്. അദ്ദേഹം കൊച്ചി രാജകുടുംബാംഗമാണ്. പിശക് സംഭവിച്ചതിൽ ഖേദിക്കുന്നു.*

***എഡിറ്റർ, ഔഷധം***